(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം രാമറാവു താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡറിലുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള വിവിധ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ തസ്തിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത ആവശ്യം ന്യായമാണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ അനുകൂല നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) നെടുങ്ങോലം രാമറാവു താലൂക്ക് ആശുപത്രിയിൽ അവശ്യംവേണ്ട തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ 2014-15 സാമ്പത്തിക വർഷം പരിശോധിച്ചിരുന്നെങ്കിലും ധനവ്യയ നിയന്ത്രണം നിലനിന്നിരുന്ന തിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കാനായില്ല. നടപ്പു സാമ്പത്തിക വർഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പുതിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ ജനറൽ ആശുപത്രിയുടെ അവസ്ഥ

23 (2232) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പട്ടണത്തിൽ സ്ഥിതി ചെയ്യുന്നതും മെഡിക്കൽ കോളേജ് ആശുപത്രിയായി പ്രവർത്തിക്കുന്ന തുമായ ആലപ്പുഴ ജനറൽ ആശുപത്രിയുടെ ഇന്നത്തെ അവസ്ഥ പരിശോധി ച്ചിട്ടുണ്ടോ ;

(ബി) ആവശ്യത്തിനു ഡോക്ടറോ പാരാമെഡിക്കൽ ജീവനക്കാരോ ഇല്ലാത്തതും അവശ്യമരുന്നുകളുടെ അഭാവവും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രിയെ കാലാനുസൃതമായി പരിഷ്കരിക്കാനും അവശ്യ മരുന്നും ജീവനക്കാരും ഉണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോക്ടർമാരുടെ 11 ഒഴിവും പാരാമെഡിക്കൽ സ്റ്റാഫിന്റെ 12 ഒഴിവുമാണ് ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിലവിലുള്ളത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ടി ആശുപത്രിക്കാവശ്യമായ മരുന്നുകൾ ലഭ്യമാകുന്നുണ്ട്. കൂടാതെ അത്യാവശ്യംവേണ്ട മരുന്നുകൾ ആശുപത്രി ഫണ്ടിൽ നിന്നും വാങ്ങി നൽകുന്നുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ടി ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന്റെ സിവിൽ വർക്സിനായി 28 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി ആശുപത്രിയിൽ അസറ്റ് മെയിന്റനൻസ് ഫണ്ടിൽനിന്നും 1,04,35,065 രൂപ ചെലവിൽ 2014-15 സാമ്പത്തിക വർഷത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

കൊല്ലം ജില്ല ആയുർവേദ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

24 (2233) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കൊല്ലം ജില്ല ആയുർവേദാശുപത്രിയിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിൽ വൃദ്ധജന പരിപാലന കേന്ദ്രം, ഉപകരണങ്ങൾ, ലാബുകൾ എന്നിവ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ കൊല്ലം ജില്ല ആയുർവേദ ആശുപത്രിയിൽ എക്സ്-റേ യൂണിറ്റ്, പഞ്ചകർമ്മ യൂണിറ്റ്, മിനി പഞ്ചകർമ്മ തിയേറ്റർ പ്രമേഹ രോഗികൾക്കായുള്ള ജീവനി പദ്ധതി, വൃദ്ധജന പരിപാലന യൂണിറ്റ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 1-7-2015 മുതൽ കൊല്ലം ജില്ല ആയുർവേദ ആശുപത്രിയിൽ യോഗ-പ്രകൃതി ചികിത്സാ വിഭാഗവും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിൽ വൃദ്ധജന പരിപാലന കേന്ദ്രം ആരംഭിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം 30 ലക്ഷം രൂപ